# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : *45 | 12-06-2012-ൽ മറുപടിക്ക്

## വൈദ്യുതി നിരക്ക് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ. രാധാകൃഷ്ണൻ. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | വൈദ്യുതി നിരക്ക് വർദ്ധന ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി വൈദ്യുതി റഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. 10 KW മുതൽകണക്ടഡ് ലോഡുള്ള എല്ലാ LT ഉപഭോക്താക്കൾക്കും ഉപയോഗിക്കുന്ന സമയമനുസരിച്ചുള്ള നിരക്ക് ഈടാക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് റെഗുലേറ്ററി കമ്മീഷൻ 28.04.2012-ലെ ARR 7 ERC ഉത്തരവിൽ വൈദ്യുത ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. നിരക്ക് വർദ്ധനവ് സംബന്ധിച്ച് വൈദ്യുത ബോർഡ് കമ്മീഷൻ മുൻപാകെ സമർപ്പിച്ച നിർദ്ദേശങ്ങളുടെ സംക്ഷിപ്തം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിരക്ക് വർദ്ധനവ് ആവശ്യപ്പെടാൻ കെ.എസ്.ഇ.ബിക്ക് അനുമതി നൽകിയിരുന്നുവോ; | (ബി) | വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുമതിനൽകിയിരുന്നു. |
| (സി) | തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ കമ്മീഷൻ അംഗീകരിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതിന് സംസ്ഥാന | (സി) | **തമിഴ്നാട്**<br>(i) പ്രതിമാസം 50 യൂണിറ്റു വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് തമിഴ്നാട് റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്ക് യൂണിറ്റിന് 2.60 രൂപയാണ്. ടി ഉപഭോക്താക്കൾക്ക് യൂണിറ്റിന് 1.50 രൂപ |

ഗവൺമെൻറുകൾ നൽകുന്ന സബ്സിഡിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

സബ്സിഡി നൽകവാനും ആയതിനാൽ, യൂണിറ്റിന് 1.10 രൂപ വീതം ഈടാക്കിയാൽ മതിയെന്നും തമിഴ്നാട് ഡിസ്ട്രിബ്യൂഷൻ കമ്പനിക്ക് കമ്മീഷൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

(ii) പ്രതിമാസം 51-100 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് നിലവിൽ തമിഴ്നാട് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്ക് യൂണിറ്റിന് 2.80 രൂപയാണ്. എന്നാൽ ടി ഉപഭോക്താക്കൾക്ക് 1.00 രൂപാ നിരക്കിൽ സബ്സിഡി നല്കവാനും അതുവഴി ടി ഉപഭോക്താക്കളിൽ നിന്നും യൂണിറ്റിന് 1.80 രൂപാ നിരക്കിൽ വൈദ്യുതി ചാർജ്ജ് ഈടാക്കിയാൽ മതിയെന്നും തമിഴ്നാട് ഡിസ്ട്രിബ്യൂഷൻ കമ്പനിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(iii) പ്രതിമാസം 101-250 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളിൽ നിന്നും ആദ്യത്തെ 100 യൂണിറ്റിന് തമിഴ്നാട് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്ക് 3.00 രൂപയാണ്. ഈ നിരക്കിൽ സബ്സിഡി ഒന്നും ഗവൺമെന്റ് നല്കിയിട്ടില്ല. എന്നാൽ 101-250 യൂണിറ്റു വരെ ഉപയോഗിക്കുന്ന വൈദ്യുതിക്ക് കമ്മീഷൻ അംഗീകരിച്ച നിരക്ക് യൂണിറ്റിന് 4.00 രൂപയാണ്. ടി നിരക്കിൽ നിന്നും യൂണിറ്റിന് 50 പൈസ സബ്സിഡി നല്കവാനും അതിൻപ്രകാരം ഉപഭോക്താക്കളിൽ നിന്നും യൂണിറ്റിന് 3.50 രൂപ ഈടാക്കിയാൽ മതിയെന്നും ഡിസ്ട്രിബ്യൂഷൻ കമ്പനിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(iv) പ്രതിമാസം 250 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് തമിഴ്നാട് സബ്സിഡി ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

**ആന്ധ്രാപ്രദേശ്**

ആന്ധ്രാപ്രദേശിൽ സംസ്ഥാന ഗവൺമെന്റ് ഗാർഹിക ഉപഭോക്താക്കൾക്ക് 2012-13 ലേക്ക് ഇളവ് അനുവദിക്കുന്നതിന് 1736.68 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ സബ്സിഡി കൂടി പരിഗണിച്ചതിനുശേഷം 2012-13 ലേക്ക് 500 വാട്ട്സിൽ കൂടുതൽ കണക്ടഡ് ലോഡുള്ള എല്ലാ ഉപഭോക്താക്കൾക്കു

കമ്മീഷൻ താഴെ പറയുന്ന പ്രകാരം നിരക്ക് ഈടാക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

| | |
|---|---|
| 0-100 യൂണിറ്റ് | 2.60 രൂപ |
| 101-200 യൂണിറ്റ് | 3.60 രൂപ |
| 201-300 യൂണിറ്റ് | 5.75 രൂപ |
| | |
| 301-500 യൂണിറ്റ് | 6.75 രൂപ |
| 500 യൂണിറ്റിന് മുകളിൽ | 7.25 രൂപ |

**<u>കർണ്ണാടക</u>**

HTI വാട്ടർ സപ്പൈ്ളെ, HT വ്യവസായംവാണിജ്യം. വൈകിട്ട് 6 മുതൽ 10 വരെ യൂണിറ്റിന് നിലവിലുള്ള നിരക്കിൽ നിന്ന് ഒരു രൂപ അധികം. രാത്രി 10 മുതൽ രാവിലെ 6 വരെ യൂണിറ്റൊന്നിന് നിലവിലെ നിരക്കിൽ നിന്ന് 1.25 രൂപ കുറവ്.

2) LT വ്യവസായ ഉപഭോക്താക്കൾക്ക് ഓപ്ഷണൽ നിരക്കായി ഇത് അനുവദിച്ചിട്ടുണ്ട്.

(ഡി) നിരക്ക് വർദ്ധന ഏർപ്പെടുത്തുമ്പോൾ ഇതേ രീതിയിൽ സബ്സിഡി അനുവദിച്ച് സാധാരണക്കാർക്ക് ഇളവ് അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഇ) 2012-13 വർഷത്തെ സംസ്ഥാന ബജറ്റിൽ ഇതിനായി എന്ത് തുക നീക്കി വെച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

(ഡി) & (ഇ) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2012-13 വർഷത്തേക്കുള്ള താരിഫ് അംഗീകരിച്ച് ഉത്തരവ് ഇറക്കിയിട്ടില്ല. സെക്ഷൻ 65 അനുസരിച്ച് കമ്മീഷൻ താരിഫ് അംഗീകരിച്ചതിനുശേഷം മാത്രമാണ് സബ്സിഡി അനുവദിക്കേണ്ടതുള്ളത്. അതിനാൽ 2012-13 വർഷത്തെ സംസ്ഥാന ബജറ്റിൽ സബ്സിഡിക്കായി തുക നീക്കി വെച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

(അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്).